ശ്രീ. എം. നാരായണക്കുറുപ്പ് : 1960–ൽ ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം, എത്ര ഡിപ്പാർട്ടുമെൻറുകളിൽ റീജിയണൽ ആഫീസർമാരെ നിയമിച്ചു, പുതുതായി എത്ര ഏർപ്പെടുത്തി ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു സംബന്ധിച്ച വിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. മൊഹ്സിൻബിൻ അഹമ്മദ് : റീജിയണൽ നിലവാരത്തിൽ, വിദ്യാഭ്യാസവകുപ്പു മേധാവികൾക്കു, സ്റ്റേറ്റുനിലവാരത്തിലുള്ള ഭരണമേധാവികളുടെ ചില അധികാരങ്ങൾ ഡലിഗേറ്റുചെയ്തു കൊടുത്തിട്ടുണ്ട്. പക്ഷേ അവർക്ക് ആ അധികാരങ്ങൾ നടപ്പിൽവരുത്താനുള്ള ഒരു പരിതഃസ്ഥിതി ഇന്നില്ലെന്നു ഗവണ്മെൻറിനറിയാമോ ? അതിനു പരിഹാരം ഉണ്ടാക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. ചാക്കോ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ റീജിയണൽ ആഫീസർമാരെ നിയമിച്ചിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളൂ. ഒരു പരീക്ഷണഘട്ടം എന്ന നിലയ്ക്കു അല്പകാലത്തേക്കെങ്കിലും ഈ ഉദ്യോഗങ്ങൾ നിറുത്തലാക്കാതിരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിനെപ്പറ്റി ഈ സഭയിൽ തന്നെ രണ്ട് അഭിപ്രായഗതികൾ ഉണ്ടായിട്ടുണ്ട്. എല്ലാ കാര്യങ്ങളും ആലോചിച്ചതിനു ശേഷമേ അവസാന തീരുമാനം എടുക്കുകയുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഡിസ്ട്രിക്റ്റു നിലവാരത്തിൽ കൂടുതൽ അധികാരം കൊടുത്തു, അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് റീജിയണൽ നിലവാരത്തിലുള്ള ആഫീസുകൾ നിറുത്തലാക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വക കാര്യങ്ങൾ സ്പെഷ്യൽ ആഫീസർ പരിശോധിച്ചു വരികയാണ്. ചില ഡിപ്പാർട്ടുമെൻറിൻെറ റീജിയണൽ ആഫീസുകൾ നിറുത്തലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

പഞ്ചായത്തു കമ്മിറ്റികൾ.

* 483. [14] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ പഞ്ചായത്തു കമ്മിറ്റികൾ എന്നാണ് പിരിച്ചുവിട്ടത് ;

(ബി) പഞ്ചായത്ത് കമ്മിറ്റികൾ പിരിച്ചുവിട്ടതിനുശേഷം എന്തെങ്കിലും പൊതുമരാമത്തു വേലകൾ പഞ്ചായത്തുകളിൽ നടന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവയ്ക്കുവേണ്ടി ചെലവായ തുകയെത്ര ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 1-1-1963-ൽ.

(ബി) ഉണ്ട്.

(സി) കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ആറു ജില്ലകളിൽ ചെലവായ തുകയുടെ വിവരങ്ങൾ അടങ്ങിയലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. † ബാക്കി പഞ്ചായത്തുകളുടെ വിവരങ്ങൾ ശേഖരിക്കുന്നതേയുള്ളൂ.

ശ്രീ. എം. സി. ഏബ്രഹാം : കിട്ടിയിട്ടുള്ള ലിസ്റ്റിൽ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്തുകൾ ഒന്നും ചെല

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയതായി കാണുന്നില്ല. ബാക്കിയുള്ള ആറു ഡിസ്ട്രിക്റ്റുകളിൽ കോട്ടയം ഡിസ്ട്രിക്റ്റിൽ വളരെ കുറവായിട്ടേ ചെലവാക്കിയതായി കാണുന്നുള്ളൂ. അതിനു കാരണം എന്താണെന്നു് പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഉത്തരത്തിൽ തന്നെ പറഞ്ഞു, ബാക്കി പണം ചെയ്യുകയും കണക്കുകയും ശേഖരിക്കുന്നതേയുള്ളൂ എന്നു്. കിട്ടിയ വിവരങ്ങളാണു് മേശപ്പുറത്തു വച്ചിട്ടുള്ളതു്.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : പഞ്ചായത്തുകളുടെ പൊതുമരാമത്തു പണികളും പി. ഡബ്ലിയു. ഡി. വകുപ്പു് ഏറ്റെടുത്തു നടത്തണമെന്നുണ്ടു്. ഒറ്റപ്പാലത്തു് പഞ്ചായത്തു ബസ്സ്റ്റാൻറിനെപ്പറ്റി ചില ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. അതിനെപ്പറ്റി അന്വേഷണം നടത്തി, നടപടിക്രമത്തിൽ വന്ന തെറ്റുകൾ തിരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇന്നു നിലവിലുള്ള രീതികൾ ആ വിധത്തിലുള്ള തെറ്റുകൾ വരാത്തവിധത്തിലുള്ളതാണു്. ഏതെങ്കിലും ക്രമക്കേടുകൾ ഉള്ളതായി ചൂണ്ടിക്കാണിച്ചാൽ അന്വേഷണം നടത്താം.

ശ്രീ. ആർ. സുഗതൻ : പഞ്ചായത്തുകൾ പിരിച്ചുവിട്ടതിനുശേഷം, നാട്ടുകാരുടെ ആവശ്യങ്ങൾ, മരാമത്തുപണികളും മറ്റും നടത്താൻ വയ്യാത്ത ഒരു നിലയിലായിട്ടുണ്ടെന്നറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എല്ലാ ആവശ്യവും നടക്കാതായിട്ടില്ല.

ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ : പല പഞ്ചായത്തുകൾക്കും ആവശ്യമായ തുകയുണ്ടെങ്കിലും പി. ഡബ്ലിയു. ഡി. എൻജിനീയർ ഇല്ലാതെ എസ്റ്റിമേറു തയ്യാറാക്കുന്നതിനും പണി നടത്താനും പ്രയാസമുണ്ടെന്നു അറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ കുറച്ചു പ്രയാസം നേരിടുന്നുണ്ടെന്നറിയാം.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : ഒറ്റപ്പാലത്തെ പഞ്ചായത്തു ബസ്റ്റാൻഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു് മന്ത്രിയുടെ പേക്ഷ്ലെങ്കിലും, ഡിസ്ട്രിക്റ്റു് ആഫീസറുടെ പേക്ഷ് ഞാൻ ആക്ഷേപം എഴുതിഅയച്ചിട്ടുണ്ടായിരുന്നു. അതിനെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : പഞ്ചായത്തുകൾ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും, അതിനാവശ്യമായ സംഖ്യ മുൻകൂർ വാങ്ങി, അതിനു് ഉപയോഗിക്കാതെ പഞ്ചായത്തിലെ ഭരണച്ചെലവുകൾക്കും, ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും ചെലവാക്കുകയും ചെയ്യുന്നതുകൊണ്ടു് വികസനപ്രവർത്തനങ്ങൾ പുരോഗമിക്കുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം അന്വേഷിക്കാം.

പദ്ധതി പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള തുക

* 844. [15] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപയാണു് നീക്കിവച്ചിട്ടുള്ളതു് ;

(ബി) 1963 സെപ്റ്റംബർ 30-ാം തീയതിവരെ എത്ര രൂപ ചെലവായിട്ടുണ്ടു് ; ഇതു് എത്ര ശതമാനമാണു് ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[Please see answer to Starred question No. 843 (14)]

District.	Total No. of Pts.	Amount Spent.	Remarks.
Trivandrum	76	Rs. 2,64,297·70	Information relating to 14 Pts. has to be received.
Quilon	98	Rs. 6,16,236.85	Information relating to 10 Pts. has to be received.
Alleppey	94	Rs. 3,02,505·40	
Kottayam	89	Rs. 1,87,107·25	Information relating to 22 Pts. has to be received.
Palghat	114	Rs. 14,51,163·90	Information relating to 49 Pts. has to be received.
Cannanore	126	Rs. 6,08,654·00	
		Rs. 34,29,965·10 nP.	

LIBRARY ARCHIVES Kerala Legislative Assembly